# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

*നക്ഷത്ര ചിഹ്നമിടാത്ത*
*ചോദ്യം നമ്പർ : 5553*

*18 / 11 / 2019 -ൽ*
*മറുപടി നൽകേണ്ടിയിരുന്നത്*

## വൈപ്പിൻ - ഫോർട്ട് കൊച്ചി റോ - റോ സർവ്വീസ്

| ചോദ്യം<br>ശ്രീ. എസ്. ശർമ്മ | | മറുപടി<br>പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) | |
|---|---|---|---|
| (എ) | വൈപ്പിൻ - ഫോർട്ട് കൊച്ചി റോ-റോ സർവ്വീസ് നടത്തുന്നതിന്റെ ചുമതലയുള്ള കെ.എസ്.ഐ.എൻ.സി. സമയക്രമം പാലിക്കാത്തത് മൂലം യാത്രക്കാർ ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൈപ്പിൻ - ഫോർട്ട് കൊച്ചി റോ - റോ സർവ്വീസ് നടത്തുന്ന തിരക്കേറിയ വൈപ്പിൻ അഴിമുഖത്ത് മൽസ്യബന്ധന യാനങ്ങൾ , ഇന്ത്യൻ നേവിയുടെ കപ്പലുകൾ , ചരക്ക് കപ്പലുകൾ , മറ്റ് യാനങ്ങൾ എന്നിവയുടെ ആധിക്യം മൂലം സമയക്രമം കൃത്യമായി പാലിക്കുവാൻ പലപ്പോഴും സാധിക്കാറില്ല. എങ്കിലും യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത വിധത്തിൽ പരമാവധി സമയക്രമം പാലിക്കുവാൻ ശ്രമിക്കുന്നുണ്ട്. |
| (ബി) | ഈ റൂട്ടിൽ എത്ര ജങ്കാറുകളുണ്ടെന്നും എത്ര സർവ്വീസുകളാണ് ഉള്ളതെന്നും ഇവക്കായി നിശ്ചയിച്ചിരിക്കുന്ന സമയക്രമം എങ്ങിനെ യെന്നും വിശദമാക്കാമോ ; | (ബി) | വൈപ്പിൻ - ഫോർട്ട് കൊച്ചി റൂട്ടിൽ രണ്ട് ജങ്കാർ / റോ-റോകൾ സർവ്വീസ് നടത്തുന്നുണ്ട്. ഒരു റോ-റോ രാവിലെ 06.00 മണി മുതൽ രാത്രി 08.30 വരെയും , രണ്ടാമത്തെ റോ-റോ രാവിലെ 08.30 മുതൽ രാത്രി 10.00 മണി വരെയും സർവ്വീസ് നടത്തുന്നു. ഓരോ 15 മിനിറ്റ് ഇടവിട്ട് റോ-റോ സർവ്വീസ് ഇരുജെട്ടികളിൽ നിന്നും പുറപ്പെടുന്ന രീതിയിൽ ആണ് സമയക്രമം. |
| (സി) | പ്രസ്തുത സർവ്വീസ് നടത്തിപ്പിന് കൊച്ചി നഗരസഭ ആവശ്യമായ ജീവനക്കാരെ നിയോഗിക്കാൻ തയ്യാറാകാത്ത സാഹചര്യം കണക്കിലെടുത്ത് പൊതുജനസൗകര്യാർത്ഥം ജീവനക്കാരെ നിയോഗിക്കുന്നതിനുള്ള ചുമതല കെ.എസ്.ഐ.എൻ.സിക്ക് നൽകുന്നതിനും കൃത്യമായി സർവ്വീസ് നടത്തുന്നതിനും നടപടി സ്വീകരിക്കുമോ ? | (സി) | റോ-റോ സർവ്വീസിന്റെ നടത്തിപ്പിനാവശ്യമായ ജീവനക്കാരെ കെ.എസ്.ഐ.എൻ.സി. ആണ് നിയോഗിക്കുന്നത്. 'അസിമുത്ത് പ്രൊപൾഷൻ' ഇനത്തിൽപ്പെട്ട യാനമാകയാൽ ഇത് പ്രവർത്തിപ്പിക്കുവാൻ അറിവുള്ളവരെ കിട്ടാനുള്ള ബുദ്ധിമുട്ട് നിലവിലുണ്ട്. ലഭ്യമായ മാസ്റ്റർമാരെ പരമാവധി ഉപയോഗിച്ചാണ് നിലവിൽ സർവ്വീസ് നടത്തുന്നത്. |

**സെക്ഷൻ ഓഫീസർ**